<u>15 -ാം കേരള നിയമസഭ</u>

<u>1 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 843</u> <u>10-06-2021 - ൽ മറുപടിയ്ക്ക്</u>

<u>ഭൂമികയ്യേറ്റം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര കാരോട് പഞ്ചായത്തിലെ കുന്നിയോട് വാർഡിൽ പഴയ ഉച്ചക്കട - ഊരമ്പ് റോഡിൽ മുല്ലശ്ശേരി കൈത്തറി സഹകരണ സംഘത്തിന് സമീപം പി.ഡബ്ളിയൂ .ഡി റോഡിന്റെ പുറമ്പോക്ക് ഭാഗം സ്വകാര്യ വ്യക്തികൾ ഭൂമികയ്യേറ്റം നടത്തി കെട്ടിട നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പരാതി ലഭിച്ചത് പ്രകാരം സ്ഥലം പരിശോധനയിൽ റോഡ് പുറമ്പോ ക്കിലാണ് നിർമ്മാണം നടത്തുന്നതെന്ന് പ്രാഥമിക നിഗമനമുണ്ട്. ആയതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന് കാരോട് ഗ്രാമപഞ്ചായത്തിൽ നിന്ന് നിർമ്മാണാനുമതി നൽകിയിട്ടുണ്ടോയെന്നും അല്ലാത്തപക്ഷം പ്രസ്തുത പ്രവൃത്തി നിർത്തി വയ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്ക ണമെന്നുമാവശ്യപ്പെട്ട് 06.05.2021-ൽ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റോഡ് പുറമ്പോക്കിലാണോ പ്രസ്തുത നിർമ്മാണ പ്രവൃത്തി നടക്കുന്നതെന്ന് അളന്ന് തിട്ടപ്പെടുത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നെയ്യാറ്റിൻകര തഹസിൽദാർക്ക് 05.05.2021-ൽ കത്ത് നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയതിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടില്ല. |
| (ബി) | പരാതിയിന്മേൽ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. പരാതി ലഭിച്ചത് പ്രകാരം സ്ഥലം പരിശോധനയിൽ റോഡ് പുറമ്പോ ക്കിലാണ് നിർമ്മാണം നടത്തുന്നതെന്ന് പ്രാഥമിക നിഗമനമുണ്ട്. ആയതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന് കാരോട് ഗ്രാമപഞ്ചായത്തിൽ നിന്ന് നിർമ്മാണാനുമതി നൽകിയിട്ടുണ്ടോയെന്നും അല്ലാത്തപക്ഷം പ്രസ്തുത പ്രവൃത്തി നിർത്തി വയ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്ക ണമെന്നുമാവശ്യപ്പെട്ട് 06.05.2021-ൽ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റോഡ് പുറമ്പോക്കിലാണോ പ്രസ്തുത നിർമ്മാണ പ്രവൃത്തി നടക്കുന്നതെന്ന് അളന്ന് തിട്ടപ്പെടുത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നെയ്യാറ്റിൻകര തഹസിൽദാർക്ക് 05.05.2021-ൽ കത്ത് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയതിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടില്ല. |
| (സി) | കയ്യേറിയ ഭാഗത്ത്പി.ഡബ്ളിയു.ഡി റോഡ് വിഭാഗത്തിന് എത്ര ഭൂമിയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ ഈ ഭാഗത്ത് 10 മീറ്റർ മുതൽ 12 മീറ്റർ വരെ വീതി ഉണ്ട് . റോഡ് പുറമ്പോക്ക് കൂടി അളന്ന് തിട്ടപ്പെടുത്തിയാൽ മാത്രമെ പൊതുമരാമത്ത് വകുപ്പിന് ഈ ഭാഗത്ത് എത്ര ഭൂമിയുണ്ടെന്ന് കൃത്യമായി അറിയാൻ സാധിക്കൂ. |
| (ഡി) | പി.ഡബ്ളിയു.ഡി റോഡ് വിഭാഗത്തിന്റെ ഭൂമി കയ്യേറിയവരുടെ പേരിൽ നിയമനടപടി സ്വീകരിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | റോഡ് പുറമ്പോക്ക് കൂടി അളന്ന് തിട്ടപ്പെടുത്തിയതിന് ശേഷം മാത്രമേ ഭൂമി കയ്യേറിയവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ